കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ് ക്ഷേത്രങ്ങൾക്ക് ചന്ദനം അനുവദിച്ചുകൊണ്ടുള്ള ഉത്തരവു ഭേദഗതിചെയ്തു പുതിയ ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം-വന്യജീവി (സി)വകുപ്പ്

സ.ഉ.(എം.എസ്,)48/2000/വനം. തിരുവനന്തപുരം, തീയതി, 7-7-2000.

---

പരാമർശ്ശം: 1. 02-08-1993 ലെ നംപർ (എം.എസ്.) 56/93/വനം.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 22-2-2000 ലെ എഫ്..യു (1)23521/98-ാം നംപർ കത്ത്.

<u>ഉത്തരവ്</u>

പരാമർശ്ശം സർക്കാർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ക്ഷേത്രാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിലേക്കായി അവയ്ക്കെതിരെ സൂചിപ്പിച്ചിട്ടുള്ള അളവിൽ ചന്ദനം, തൊട്ടുമുൻപത്തെ വർഷം സംസ്ഥാന വനം വകുപ്പു നടത്തിയ ചനദന ലേലത്തിൽ കിട്ടിയ ശരാശരി വില ഈടാക്കി എല്ലാ വർഷവും നൽകുവാൻഅനുവാദം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 1. തിരുവിതാംകൂർ ദേവസ്വംബോർഡ് | - | 7 ടൺ |
| 2. കൊച്ചിൻ ദേവസ്വംബോർഡ് | - | 3.5 ടൺ |
| 3. എച്ച്.ആർ.ആന്റ് സി.ഇ. കമ്മിഷണർ, കോഴിക്കോട് | - | 3.5 ടൺ |
| 4.ഗുരുവായൂർ ദേവസ്വം | - | 3 ടൺ |
| 5. ശ്രീ പത്മനാഭസ്വാമി ക്ഷേത്രം | - | 1 ടൺ |
| | | ----- |
| | | 18.0 ടൺ |
| | | ======= |

2. ടി സ്ഥാപനങ്ങൾക്ക്/ക്ഷേത്രങ്ങൾക്ക് ചന്ദനം ഇനിമുതൽ മറയൂർ ചന്ദനഡിപ്പോയിലെചന്ദന ലേലത്തിലെ ശരാശരി വിലയുടെ 125% നിരക്കിൽ വില ഈടാക്കിഅനുവദിച്ചുനൽകുവാൻ ഇതിനാൽ ഉത്തരവാകുന്നു.

3. പരാമർശ സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി ചെറിയാൻ ഫിലിപ്പ്,
ജോയിന്റ് സെക്രട്ടറി.
തിരുവനന്തപുരം.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം)

ഉത്തരവിൻ പ്രകാരം.

ഒപ്പ്,
സെക്ഷൻ ആഫീസർ.

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം,
തീയതി 19-7-2000.

<u>മേലെഴുത്ത് നംപർ: എഫ്.യു 1-23521/98 തീയതി, 19-7-2000 (അ.തി)</u>

പകർപ്പ്, മേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ, കൺസർവേറ്റർമാർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, വൈൽഡ് ലൈഫ് വാർഡൻമാർ തുടങ്ങിയവർക്ക് അറിവിലേക്കായി അയയ്ക്കുന്നു.

പകർപ്പ് ഫോറസ്റ്റ് ഇൻഫർമേഷൻ, ബ്യൂറോ ഡയറക്ടർക്ക്.
പകർപ്പ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ പി.എ/സി.എ ഡയറക്ടർക്ക്.
പകർപ്പ് എല്ലാ ബ്രാഞ്ച് ഓഫീസർമാർക്കും, സെക്ഷൻ തലവൻമാർക്കും.
പകർപ്പ് സ്റ്റോക്ക് ഫയലിലേക്ക്

അംഗീകാരത്തോടെ,

ഒപ്പ്,

സൂപ്രണ്ട്. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു വേണ്ടി.

കെ.വി/21.7.